(ഡി) എ.കെ.ജി. സെന്ററിനെയോ യൂണിവേഴ്സിറ്റിയേയോ ലക്ഷ്യം വെച്ച് ഭീകരർ നടത്തിയ സ്ഫോടനമാണിതെന്ന് കരുതുന്നുണ്ടോ;

(ഇ) സർവകലാശാല വളപ്പിലുണ്ടായ പൊട്ടിത്തെറി രസതന്ത്ര ലാബിൽനിന്ന് ഉപേക്ഷിച്ച സോഡിയം അടങ്ങിയ കുപ്പി പൊട്ടിത്തെറിച്ചതല്ലെന്നും 1992-ൽ അവിടെ ഉപേക്ഷിച്ച സാധനങ്ങളിൽ സ്ഫോടകശേഷിയുള്ള പൊട്ടാസ്യം, സോഡിയം എന്നിവ ഉൾപ്പെട്ടിട്ടില്ലെന്നും സർവ്വകലാശാലാ രസതന്ത്ര വകുപ്പ് മേധാവി പ്രസ്താവിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ഉണ്ട്. ഈ സ്ഫോടനത്തിന്റെ കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചതിൽ നിന്നും വ്യക്തമായത് കേരള യൂണിവേഴ്സിറ്റിയിൽ നിന്നും കാര്യവട്ടം യൂണിവേഴ്സിറ്റി കാമ്പസിലേയ്ക്കു മാറ്റിക്കൊണ്ടുപോയ കെമിസ്ട്രി ലാബിന്റെ ഉപേക്ഷിക്കപ്പെട്ട അവശിഷ്ടങ്ങളിലെ രാസപദാർത്ഥങ്ങളിൽ നിന്നാണ് സ്ഫോടനം നടന്നതെന്നാണ്.

(ഡി) അന്വേഷണത്തിൽ അപ്രകാരം തെളിവുകളൊന്നും ലഭിച്ചിട്ടില്ല.

(ഇ) ഇപ്രകാരം ഒരു പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അന്വേഷണത്തിൽ ഇത് വെളിവായിട്ടില്ലാത്തതാണ്.

57 (683) വൈറ്റ് കോളർ ക്രൈമുകൾ

ശ്രീ. ജി. സുധാകരൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'വൈറ്റ്കോളർ ക്രൈമുകൾ' കേരളത്തിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈറ്റ് കോളർ ക്രൈമുകൾ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം പോലീസിൽ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഈ കുറ്റകൃത്യങ്ങളെക്കുറിച്ച് പഠന-ഗവേഷണങ്ങൾ നടത്താൻ ആഭ്യന്തരവകുപ്പ് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഈ സർക്കാർ വന്നശേഷം കേരളത്തിൽ വൈറ്റ് കോളർ ക്രൈം വിഭാഗത്തിൽപ്പെടുന്ന എത്ര കുറ്റകൃത്യങ്ങൾക്ക് പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇത്തരം കേസ്സുകൾ ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന നർകോട്ടിക് ആന്റ് ഇക്കണോമിക് ഒഫൻസ് വിംഗാണ് കൈകാര്യം ചെയ്യുന്നത്. എറണാകുളം, തിരുവനന്തപുരം, കോഴിക്കോട്

LIBRARY ARCHIVES Kerala Legislative Assembly

എന്നിവിടങ്ങളിൽ ഓരോ ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ ഇക്കണോമിക് ഒഫൻസ് വിംഗ് പ്രവർത്തിക്കുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) വൈറ്റ് കോളർ ക്രൈം വിഭാഗങ്ങളിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

	ചതി	വിശ്വാസവഞ്ചന
1996 (6.96 മുതൽ 12.96 വരെ)	1118	146
1997	2128	340
1998	2285	361
1999	938	185
ആകെ	6469	1032

58 (684) മഞ്ചേരിയിലെ കൃഷിഭവനും ഹരിത സ്റ്റാളുകൾക്കും എതിരെയുള്ള പരാതി

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം വിജിലൻസ് ഡിവൈ.എസ്.പി.ക്ക് മഞ്ചേരിയിലെ കൃഷിഭവനിലും ഹരിത സ്റ്റാളുകളിലും നടന്നുവരുന്ന അഴിമതികളെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പരാതി രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) ഈ കേസ്സ് രജിസ്റ്റർചെയ്ത് അഴിമതിക്കാരെ അറസ്റ്റ് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ ഹരിത സംഘം പ്രസിഡന്റ്, സെക്രട്ടറി മുതലായവർക്കെതിരെ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ഒരു പരാതി മഞ്ചേരി മുനിസിപ്പാലിറ്റിയിലെ കർഷകരിൽനിന്നും വിജിലൻസ് ആന്റ് അഴിമതി നിരോധന ബ്യൂറോയുടെ മലപ്പുറം യൂണിറ്റിലെ പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടിന് ലഭിക്കുകയുണ്ടായി.

(ബി)&(സി) പ്രസ്തുത പരാതിയിലെ ആരോപണങ്ങൾ വിജിലൻസ് ആന്റ് അഴിമതി നിരോധന ബ്യൂറോ അന്വേഷിച്ചിട്ടില്ല. 5.4.97-ലെ സർക്കാർ ഉത്തരവ് (പ്രിൻഡ്) 18/97/വിജി. യിലെ വ്യവസ്ഥകൾ പ്രകാരം ഈ പരാതി മലപ്പുറം ജില്ലാ കൃഷി ആഫീസർക്ക് വിജിലൻസ് ബ്യൂറോയുടെ മലപ്പുറം യൂണിറ്റിൽ നിന്നും അയച്ചുകൊടുത്തിട്ടുണ്ട്. പരാതികളിൻമേൽ വിജിലൻസ് അന്വേഷണം നടത്തണമെങ്കിൽ സർക്കാർ അനുവാദം ആവശ്യമാണ്.

(ഡി) വിജിലൻസ് അന്വേഷണം നടത്തി ആരോപണങ്ങൾ പ്രഥമദൃഷ്ട്യാ തെളിയുകയും, അഴിമതി നിരോധന നിയമത്തിലേയും, ഇന്ത്യൻ ശിക്ഷാ നിയമത്തിലേയും ബന്ധപ്പെട്ട വകുപ്പുകളനുസരിച്ചുള്ള കുറ്റകൃത്യങ്ങൾ നടത്തിയിട്ടുള്ളതായി ബോദ്ധ്യപ്പെടുകയും ചെയ്താൽ മാത്രമേ വിജി

LIBRARY ARCHIVES Kerala Legislative Assembly